പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4674

28/06/2013-ൽ മറുപടിയ്ക്ക്

## പൈനാപ്പിൾ മിഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ:<br>ശ്രീ. വി.പി. സജീന്ദ്രൻ: | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി | |
| എ) | സംസ്ഥാനത്ത് പൈനാപ്പിൾ മിഷൻ രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്.<br>കൈതച്ചക്കയുടെ വമ്പിച്ച കയറ്റുമതി സാദ്ധ്യത പരിഗണിച്ച് കൈതച്ചക്കയുടെ ഉല്പാദനം, സംസ്കരണം, വിതരണം, കയറ്റുമതി എന്നിവയിൽ ഒരു സമഗ്ര വികസനം ലക്ഷ്യമാക്കിയാണ് 20/05/2013-ലെ 168/2013/കൃഷി നമ്പർ സർക്കാർ ഉത്തരവ് (കൈ) പ്രകാരം പൈനാപ്പിൾ മിഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ അന്തിമ നടപടികൾ നടന്നു വരുന്നു. മിഷന്റെ പ്രവർത്തനങ്ങൾക്കായി ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചിട്ടുമുണ്ട്. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | പൈനാപ്പിൾ മിഷൻ ആരംഭിക്കുക വഴി കൈതച്ചക്കയുടെ ഉല്പാദനം, സംസ്കരണം, വിതരണം, കയറ്റുമതി എന്നിവയിൽ ഒരു സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നത്. |
| സി) | പൈനാപ്പിൾ കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | സി) | സംസ്ഥാനത്ത് മുന്തിയയിനം പൈനാപ്പിൾ ഉൽപ്പാദിപ്പിക്കുകയും പൈനാപ്പിൾ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും കൃഷിയുടെ വിളവ് വർദ്ധിപ്പിക്കുവാൻ ഉതകുമാറ് ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ കണ്ടെത്തി കൃഷി ചെയ്ത് കർഷകരെ ഉൽബുദ്ധരാക്കുവാനും മണ്ണ് പരിശോധന, വളപ്രയോഗം, ജലസേചനം എന്നിവയ്ക്ക് കർഷകർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും പൈനാപ്പിൾ കൃഷിയിൽ ഇപ്പോൾ നടത്തി വരുന്ന കീടനാശിനി പ്രയോഗം ഹാനികരമല്ലായെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും മിഷൻ പൂർണ്ണതോതിൽ പ്രവർത്തിച്ചു തുടങ്ങുമ്പോൾ മൂവാറ്റുപുഴയിൽ എല്ലാ വർഷവും പൈനാപ്പിൾ ഫെസ്റ്റ് നടത്തുവാനും ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ, നടക്കര അഗ്രോ പ്രോസസിംഗ് യൂണിറ്റ് മുതലായ സ്ഥാപനങ്ങളാണ് ഇതുമായി സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ